"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - സ്റ്റാർട്ടപ്പ് മിഷൻ മുഖേന പ്രൈസ് മെഷീന്റെ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**601/2025/TAXES** തീയതി,തിരുവനന്തപുരം, **26-06-2025**

പരാമർശം:- 1. **28/12/2023**-ലെ സ.ഉ(സാധാ)നം.**907/2023/TAXES**

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **08/04/2025**-ലെ **SLTY/1395/2023-MOD1** നമ്പർ കത്ത്

**ഉത്തരവ്**

ലോട്ടിസ് ആപ്ലിക്കേഷനിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുവാൻ സാധിക്കുന്ന പ്രൈസ് മെഷീന്റെ പ്രോട്ടോടൈപ്പ് കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് ഭരണാനുമതി നല്കിയിരുന്നു.

2. എന്നാൽ, കെൽട്രോൺ മുഖേന പ്രൈസ് മെഷീന്റെ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികളുമായി വകുപ്പ് മുന്നോട്ട് പോയെങ്കിലും, പ്രസ്തുത മെഷീന്റെ ബൗദ്ധിക സ്വത്തവകാശം വകുപ്പിന് നൽകാൻ കഴിയില്ലെന്ന കെൽട്രോണിന്റെ നിലപാട് അംഗീകരിക്കാനാവാത്തതിനാൽ, പ്രൈസ് മെഷിന്റെ പ്രോട്ടോടൈപ്പ് സ്റ്റാർട്ട് അപ്പ് മിഷൻ മുഖേന വികസിപ്പിക്കുന്നതിന്റെ സാധ്യത ആരായുകയുണ്ടായിയെന്നും, സ്റ്റാർട്ട് അപ്പ് മിഷൻ മുഖേന **BMS Cloud Campus I.I.P** എന്ന സ്റ്റാർട്ടപ്പ് സമർപ്പിച്ച ടെക്നിക്കൽ പ്രൊപോസൽ പരിശോധിച്ച വകുപ്പുതല സാങ്കേതിക സമിതി **5.90** ലക്ഷം രൂപയുടെ (**18%** ചരക്ക് സേവന നികുതി ഉൾപ്പെടെ) ടി പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായെന്നും,അതിനാൽ ലോട്ടിസ് ആപ്ലിക്കേഷനിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്യാൻ സാധിക്കുന്ന ഒരു പ്രൈസ് മെഷീൻ പ്രോട്ടോടൈപ്പ് സ്റ്റാർട്ടപ്പ് മിഷൻ മുഖേന വികസിപ്പിക്കുന്നതിന് **BMS Cloud Campus I.I.P** എന്ന സ്റ്റാർട്ടപ്പ് സമർപ്പിച്ച പ്രൊപോസൽ അംഗീകരിച്ച് പ്രസ്തുത ആവശ്യത്തിലേയ്ക്ക് നികതി ഉൾപ്പെടെ ₹**5,90,000/-** (അഞ്ചു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിക്കന്നതിനും ടി ഇനത്തിലുള്ള ചെലവ് "**2075-00-103-94-99 Information Technology**" എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (2)

പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെൽട്രോണിന്റെ സഹായത്തോടെ പ്രൈസ് മെഷീന്റെ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നല്കിയ ഭരണാനുമതി റദ്ദാക്കി **BMS Cloud Campus I.I.P** എന്ന സ്റ്റാർട്ടപ്പ് മുഖേന ₹5,90,000/- (അഞ്ചു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) (18% ചരക്ക് സേവന നികുതി ഉൾപ്പെടെ) ചെലവഴിച്ച് പ്രൈസ് മെഷീനിന്റെ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

4. ടി ഇനത്തിലുള്ള ചെലവ് "2075-00-103-94-99 Information Technology" എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (2610558/വ്യയം-ബി1/561/2023-ധന തീയതി 13/06/2025)
5. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/219/2023-TAXES)

ഉത്തരവിൻ പ്രകാരം

**Signed by Babu. G**
**Date: 26-06-2025 14:16:08**

സെക്ഷൻ ഓഫീസർ